Draft #33 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 20-Jun-2019 04:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിയ്ക്കൽ, സ്ഥലംമാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2778/AD A 1/2019/എം.ജി.യു                                    പി.ഡി. ഹിൽസ്,തീയതി: 20.06.2019

---

പരാമർശം:-1. ശ്രീമതി. മിനി ആർ.പിള്ള., ജോയിന്റ് രജിസ്ട്രാർ-4 (പരീക്ഷാവിഭാഗം)-ൻറെ 17.06.2019-ലെ അവധിയ്ക്കുള്ള അപേക്ഷ.

2. ശ്രീമതി. മിനി ജോർജ്ജ്., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ് )-ന്റെ 14.06.2019-ലെ സമർപ്പണം.

3. ശ്രീ. അശോകൻ എൻ.കെ., ഡെപ്യൂട്ടി രജിസ്ട്രാർ, DASTP-യുടെ 18.06.2019-ലെ സമർപ്പണം.

4. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

5. ജി.ഒ (പി) നം.42/ 2010 / പി & എ ആർ ഡി, തീയതി 20.12.2010

6.വൈസ് ചാൻസലറുടെ 20/06/2019 തീയ്യതിയായുള്ള കുറിപ്പ്

**ഉത്തരവ്**

ശ്രീമതി. മിനി ആർ. പിള്ള, ജോയിൻറ് രജിസ്ട്രാർ 4 (പരീക്ഷാവിഭാഗം) 20.06.2019 മുതൽ പെൻഷൻ പ്രാരംഭാവധിയ്ക്ക് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൾ 30.06.2019-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

ശ്രീമതി. മിനി ജോർജ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ 15.05.2019 മുതൽ 19.06.2019 വരെ പരിവർത്തിതാവധിയിലായിരുന്നു. അവധിയ്ക്കുശേഷം 20.06.2019-ൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ പരാമർശം (2) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അടുത്തതായി ജോയിൻറ് രജിസ്ട്രാറായി സ്ഥാനക്കയറ്റം ലഭിക്കേണ്ട ശ്രീ. അശോകൻ എൻ.കെ., ഡെപ്യൂട്ടി രജിസ്ട്രാർ, 19.06.2019 മുതൽ ഒരു വർഷത്തേക്ക് ജോയിൻറ് രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് തന്നെ പരിഗണിക്കരുതെന്ന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. .

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, ശ്രീ. അശോകൻ എൻ.കെ., ഡെപ്യൂട്ടി രജിസ്ട്രാറെ, 19.06.2019 മുതൽ ഒരു വർഷത്തേക്ക് ജോയിൻറ് രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതില്ല എന്ന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. കൂടാതെ, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, സ്ഥലംമാറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടും വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, സ്ഥലം മാറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ. വിജയകുമാർ ജി., ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 2-നെ, ശ്രീമതി. മിനി ആർ പിള്ള, ജോയിൻറ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, പരീക്ഷാ വിഭാഗം ജോയിൻറ് രജിസ്ട്രാർ 4 ആയി, 20.06.2019 പൂർവ്വാഹ്നം മുതൽ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 2. | ശ്രീ. സാബു തോമസ്, ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 3-യെ, ശ്രീ. വിജയകുമാർ ജി, ജോയിൻറ് രജിസ്ട്രാറെ സ്ഥലം മാറ്റിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ, ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 2 ആയി, 20.06.2019 പൂർവ്വാഹ്നം മുതൽ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 3 നിർവ്വഹിച്ചുവന്നിരുന്ന ജോലികൾ, ഇനി ഒരുത്തരവ് ഉണ്ടാകുന്നതുവരെ ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 2 നിർവ്വഹിക്കേണ്ടതാണ്. | | | |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #33 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 20-Jun-2019 04:42 PM - Page 2

| | | | | |
|---|---|---|---|---|
| 3. | ശ്രീ. നൗഷർ .കെ.ജെ<br>ഡെപ്യൂട്ടി രജിസ്ട്രാർ & പി.എസ് ടു വി.സി | 20.06.2019 പൂർവ്വാഹ്നം മുതൽ ജോയിൻറ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 85,000-11,7600/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. മിനി ആർ.പിള്ള., ജോയിന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | IQAC ജോയിൻറ് രജിസ്ട്രാർ തസ്തിക (ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാർ 3) വൈസ് ചാൻസിലറുടെ ഓഫീസിലേക്ക് മാറ്റി, ടി തസ്തികയിൽ നിയമിച്ചിരിക്കുന്നു. ടിയാനെ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിയായി തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 4. | ശ്രീമതി.സുധ.കെ., അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-2 ഫിനാൻസ് | 20.06.2019 പൂർവ്വാഹ്നം മുതൽ ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, 77,400-1,15,200/- രൂപ ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. നൗഷർ .കെ.ജെ ., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് സെൽഫ് ഫിനാൻസിംഗ് വിഭാഗത്തിലേക്ക് മാറ്റിക്കൊണ്ട് | ഡെപ്യൂട്ടി രജിസ്ട്രാർ (SF) ആയി നിയമിച്ചിരിക്കുന്നു. |
| 5. | ശ്രീ. ആസാദ് എം.കെ., അസിസ്റ്റന്റ് രജിസ്ട്രാർ-4 ഫിനാൻസ് | 20.06.2019 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 68,700-1,10,400/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി.സുധ.കെ.,അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു |
| 6. | ശ്രീ. സാബു. സി.ജോർജ്ജ് ., അസിസ്റ്റന്റ് രജിസ്ട്രാർ 20 (പരീക്ഷാ വിഭാഗം)-നെ, ശ്രീമതി.സുധ.കെ.,അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ, അസിസ്റ്റന്റ് രജിസ്ട്രാർ 2 ഫിനാൻസ് ആയി നിയമിച്ചിരിക്കുന്നു. | | | |
| 7. | ശ്രീ.പ്രദീപ് ആർ., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) SDE 1 | 20.06.2019 പൂർവ്വാഹ്നം മുതൽ അസിസ്റ്റൻറ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 45,800-89,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.ആസാദ് എം.കെ., അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | സാബു.സി.ജോർജ്, അസിസ്റ്റൻറ് രജിസ്ട്രാറെ സ്ഥലം മാറ്റിയ ഒഴിവിൽ അസിസ്റ്റന്റ് രജിസ്ട്രാർ 20 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 8. | ശ്രീ.സുരേഷ് എം.എസ്., സെക്ഷൻ ഓഫിസർ, CBCSS XXV സെക്ഷനെ, ശ്രീ. പ്രദീപ് ആർ സെക്ഷൻ ഓഫിസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, SDE 1 സെക്ഷനിൽ 20.06.2019 പൂർവ്വാഹ്നം മുതൽ സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു. ടിയാന് ഡിപ്പാർട്ട്മെൻറ് ഓഫ് പ്രിൻറിംഗ് & പബ്ലിക്കേഷൻ-ൻറെ ചുമതല കൂടി ഉണ്ടായിരിക്കുന്നതാണ്. | | | |
| 9. | ശ്രീ.സെബാസ്റ്റ്യൻ എൻ.ജെ ., സെക്ഷൻ ഓഫീസർ, Ac. A7 സെക്ഷനെ, സ്ഥലം മാറ്റി CBCSS XXV സെക്ഷനിൽ, ശ്രീ.സുരേഷ് എം.എസ്., സെക്ഷൻ ഓഫിസറെ സ്ഥലം മാറ്റിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ, 20.06.2019 പൂർവ്വാഹ്നം മുതൽ നിയമിച്ചിരിക്കുന്നു. | | | |

| | | |
|---|---|---|
| 10. | ശ്രീമതി. മിനി ജോർജ്ജ്., സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്)-നെ, 20.06.2019 പൂർവ്വാഹ്നം മുതൽ ജോലിയിൽ പുനഃപ്രവേശിക്കാൻ അനുവദിച്ചിരിക്കുന്നു .ടിയാളെ പ്രദീപ് ആർ.,സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവിൽ ഉൾക്കൊള്ളിച്ച് Ac.A 7 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

ജോയിൻറ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

പരാമർശം (4) പ്രകാരം ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക്, ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പളനിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ .ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ ഫിനാൻസ് I/II/ എഡി.എIII/എഡി.എ.IV/എഡി.എ.VIII/എഡി.എ X/ എഡി സി I/II/III/ എഫ്.സി.സി./ എഡി.ബി.IX
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #33 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 20-Jun-2019 04:42 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം